മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : ബഹുമാനപ്പെട്ട നാരായണൻ പറഞ്ഞ സംഭവം ശരിയാണ്. പത്ത് പേർക്ക് മാത്രം യാത്ര ചെയ്യാനുള്ള കപ്പാസിറ്റിയാണ് ഈ വള്ളത്തിനുള്ളത്. അതിൽ 24 ആളുകൾ കയറിയതാണ് ഈ അപകടമുണ്ടാകാൻ കാരണം. മണ്ട് പേർ മരിച്ചു. ചില ആളുകളെ ആശുപത്രിയിൽ കൊണ്ടുപോയി എങ്കിലും അവരാരും അപകട നിലയിലല്ല. ഇതുപോലെയുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഗവണ്മെന്റിന് ചില പ്രത്യേക രീതിയിലുള്ള നോംസുണ്ട്. അതനുസരിച്ച് ചെയ്യുക എന്നല്ലാതെ ശ്രീ. നാരായണൻ പറയുന്ന രീതിയിലുള്ള സഹായം എത്തിക്കാൻ കഴിയുമോ എന്ന കാര്യം സംശയമാണ്.

V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ,

(1) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ടും (സിവിൽ)

(2) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ടും (റവന്യൂ റെസീപ്റ്റ്സ്) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : റൂൾ 215 അനുസരിച്ച് ഞാനൊരു അമെന്റുമെന്റ് മൂവ് ചെയ്യുകയാണ്. ഞാൻ നോട്ടീസ് നൽകിയ റൂൾ 58 പ്രകാരമുള്ള ഡിസ്ക്കഷൻകൂടി ഉൾപ്പെടുത്തിക്കൊണ്ട്, കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് അഡോപ്റ്റ് ചെയ്യണമെന്ന അമന്റ്മെന്റ് ഞാൻ മൂവ് ചെയ്യുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : അത് അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് സന്തോഷമുണ്ട്. 21-ാം തീയതി മുന്നുമണിക്കൂർ സമയം അനുവദിച്ചിട്ടുണ്ട്. 2 മണിക്കൂർ അജണ്ട പ്രകാരം മതി. ബാക്കി ഇതിനായി ഒരു മണിക്കൂർ ഉൾപ്പെടുത്തുന്നതിന് ഗവൺമെന്റിന് സമ്മതമാണ്

..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly